"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ) - ട്രിഡയിലെ ചീഫ് എഞ്ചിനീയറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. അജിത്ത് ആർ.- ഫയൽ ചെയ്ത WA No.1400/2019-ന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 18/12/2025-തീയതിയിലെ വിധിന്യായം - CoC 886/2026 യിന്മേൽ 24.07.2026 ലെ ഉത്തരവ് - എന്നിവ പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1403/2026/LSGD തീയതി,തിരുവനന്തപുരം, 29-07-2026

---

പരാമർശം:-

1. ശ്രീ.അജിത്ത് ആർ, ഫയൽ ചെയ്ത WP(C) No. 35138/2009-യിന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 07/01/2019-ലെ വിധിന്യായം.
2. ശ്രീ.അജിത്ത് ആർ, ഫയൽ ചെയ്ത WA 1400/2019-യിന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 18/12/2025 ലെ ഉത്തരവ്.
3. 20/08/2011-ലെ സ.ഉ.(കൈ)നം. 193/2011/തസ്വഭവ. ഉത്തരവ്.
4. ട്രിഡ സെക്രട്ടറിയുടെ 21/04/2026-ലെ എ1/827/2000/ട്രിഡ നമ്പർ കത്ത്.
5. കോടതിയലക്ഷ്യക്കേസ് നമ്പർ CoC 886/2026 -ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 07/07/2026, 24/07/2026 തീയതികളിലെ ഉത്തരവ്.

<u>ഉത്തരവ്</u>

തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)-യിൽ ചീഫ് എഞ്ചിനീയറായിരുന്ന ശ്രീ. കെ. ഐ. ഏലിയാസ് 31/03/2011-ൽ വിരമിച്ചതു മൂലം 01/04/2011 മുതൽ ട്രിഡയിൽ ചീഫ് എഞ്ചിനീയറുടെ ഒഴിവ് ഉണ്ടായിട്ടുള്ളതും, 14/07/2009-ൽ കൂടിയ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി സെലക്ട് ലിസ്റ്റ് 2009

തയ്യാറാക്കുകയും, ശ്രീ. അജിത്ത് ആർ.-നെ ചീഫ് എഞ്ചിനീയർ തസ്തികയ്ക്കുള്ള പട്ടികയിൽ ഉൾപ്പെടുത്തി 11/08/2009-ലെ എ1/877/01/ട്രിഡ നമ്പരായി വിജ്ഞാപനം പുറപ്പെടുവിക്കുകയും, പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം ടിയാനെ ട്രിഡയിലെ ചീഫ് എഞ്ചിനീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുവാൻ ഉത്തരവാകുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 20/08/2011 മുതൽ ശ്രീ. അജിത്ത് ആർ. ചീഫ് എഞ്ചിനീയർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും 31/05/2024-ൽ സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തു.

2) ശ്രീ. അജിത്ത് ആർ., ടിയാന്റെ മുൻഗാമിയായിരുന്ന ശ്രീ. കെ.ഐ.ഏലിയാസ്, ശൂന്യവേതനാവധിയിലായിരുന്ന കാലയളവ് കൂടി ഉൾപ്പെടുത്തി തനിക്ക് ചീഫ് എഞ്ചിനീയർ തസ്തികയുടെ ആനുകൂല്യങ്ങൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹു.കേരള ഹൈക്കോടതി മുൻപാകെ WP(C)No. 35138/2009 ഫയൽ ചെയ്തതിൽ അപ്രകാരം അവകാശപ്പെടാൻ ഹർജിക്കാരന് അർഹതയില്ല എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിരീക്ഷിക്കുകയുണ്ടായി. ഈ തസ്തിക ഒരു സ്ഥാനക്കയറ്റ തസ്തിക (promotion post) അല്ലെന്നും മറിച്ച് ഒരു സെലക്ഷൻ തസ്തിക ആണെന്നും, 31.03.2011 വരെ ഈ തസ്തികയിൽ ഒഴിവ് ഇല്ലായിരുന്നുവെന്നുമുള്ള വസ്തുത ബഹു. ഹൈക്കോടതി നിരീക്ഷിക്കുകയുണ്ടായി. പ്രസ്തുത തസ്തികയിലെ ഉദ്യോഗസ്ഥനായ ശ്രീ. ഏലിയാസ് അവധിയിലായാലും അല്ലെങ്കിലും സർവീസിൽ തുടരുന്നിടത്തോളം കാലം, ഉദ്യോഗസ്ഥൻ അവധിയിലാണെന്ന കാരണത്താൽ മാത്രം മറ്റാർക്കും ആ തസ്തികയിലേക്ക് തങ്ങളെ നിയമിക്കണമെന്ന് അവകാശപ്പെടാൻ അർഹത ലഭിക്കുന്നതല്ല. കൂടാതെ, ട്രിഡ ഡിപിസി (DPC) വിളിച്ചുകൂട്ടുകയും ഹർജിക്കാരനെ അവർ തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തതുകൊണ്ടുമാത്രം, ആ സമയത്ത് ഒഴിവ് നിലവിലില്ലെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥന് നിയമനത്തിനുള്ള അവകാശമില്ല. അതിനാൽ, ഹർജിക്കാരനെ ചീഫ് എഞ്ചിനീയർ തസ്തികയിലേക്ക് നിയമിക്കണമെന്ന നിർദ്ദേശം തള്ളിക്കളഞ്ഞുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച exhibit-P26 ഉത്തരവിൽ ബഹുമാനപ്പെട്ട കോടതി യാതൊരു തെറ്റും കണ്ടെത്തിയില്ല. ഇവയുടെ അടിസ്ഥാനത്തിൽ എന്നതിനാൽ ഹർജിക്കാരന്റെ ആവശ്യം പരാമർശം (1) വിധിന്യായപ്രകാരം ബഹു.ഹൈക്കോടതി നിരസിച്ചിരുന്നു.

3) പരാമർശം (1)-ലെ വിധിന്യായത്തിനെതിരെ ശ്രീ.അജിത്ത്.ആർ WA.1400/2019 നമ്പർ അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. ഈ അപ്പീലിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് 18/12/2025-ൽ വിധി പുറപ്പെടുവിച്ചു. ഹർജിക്കാരന്റെ മുൻഗാമി 31/03/2011-ൽ വിരമിച്ചതിനാൽ, 01/04/2011 മുതൽ TRIDA-യുടെ ചീഫ് എഞ്ചിനീയർ തസ്തികയിലേക്ക് നിയമനം ലഭിക്കാൻ ഹർജിക്കാരന് നിയമപരമായി അർഹതയുണ്ടെന്ന് കോടതി നിരീക്ഷിച്ചു. അതിൻപ്രകാരം, അപ്പീലുകാരനെ 01.04.2011 മുതൽ TRIDA ചീഫ് എഞ്ചിനീയർ തസ്തികയിൽ നിയമിക്കപ്പെട്ടതായി കണക്കാക്കേണ്ടതാണെന്നും പ്രസ്തുത തീയതി മുതൽ ടി തസ്തികയിൽ നിയമിക്കപ്പെടുന്നതിന്മൂലം ലഭിക്കേണ്ട എല്ലാ

ആനുകൂല്യങ്ങൾക്കും ടിയാന് അർഹത ഉണ്ടായിരിക്കുമെന്നും ബഹു. ഹൈക്കോടതി ഉത്തരവിട്ടു. ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിലെ പ്രസക്തഭാഗം ചുവടെ കൊടുക്കുന്നു :

***"Since the earlier incumbent had admittedly retired on 31.03.2011, the appellant became entitled in law to be appointed to the post of Chief Engineer, TRIDA from 01.04.2011. Accordingly, the appellant shall be treated to have been appointed to the post of Chief Engineer, TRIDA from 01.04.2011 and shall be eligible for the benefits that would thus accrue on him upon occupying the said post from the said date. Except to clarify to the above limited extent, we do not find any reason to interfere with the judgement of the learned Single Judge."***

4) ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം (2) ഉത്തരവ് പ്രകാരം ശ്രീ. അജിത്ത് ആർ.-ന് 01/04/2011 മുതൽ 31/05/2024 വരെയുള്ള കാലയളവിലെ ശമ്പള ആനുകൂല്യങ്ങൾ നൽകുന്നതിന് ആവശ്യമായ തുക ട്രിഡയുടെ തനതു ഫണ്ടിൽ നീക്കിയിരിപ്പുണ്ടെന്ന് പരാമർശം (4) പ്രകാരം ട്രിഡ സെക്രട്ടറി അറിയിക്കുകയുണ്ടായി.

5) പ്രസ്തുത ഉത്തരവ് നടപ്പാക്കാത്തതിനെതിരെ ശ്രീ.അജിത്ത്.ആർ. 886/2026 നമ്പറായി കോടതിയലക്ഷ്യക്കേസ് ഫയൽ ചെയ്യുകയും ബഹു ഹൈക്കോടതിയുടെ പരാമർശം (5) പ്രകാരമുള്ള ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി ഓൺലൈൻ മുഖേന നേരിൽ ഹാജരാകുവാനും നിർദ്ദേശിച്ചിരുന്നു . തദവസരത്തിൽ പരാമർശം (2) പ്രകാരമുള്ള കോടതി ഉത്തരവ് നടപ്പാക്കിക്കൊണ്ട് ഒരാഴ്ചയ്ക്കകം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് ബഹു.ഹൈക്കോടതി ഉത്തരവിടുകയുണ്ടായി.

6) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ 18/12/2026-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ട്രിഡ സെക്രട്ടറി സമർപ്പിച്ചിട്ടുള്ള രേഖകളും വസ്തുതകളും സർക്കാർ വിശദമായി പരിശോധിച്ചു. 14.07.2009-ലെ ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റി (DPC) അംഗീകരിച്ച് 11.08.2009 തീയതിയിലെ വിജ്ഞാപനമായി 01.09.2009-ലെ കേരള ഗസറ്റിൽ (പാർട്ട്-IV) പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ ചീഫ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് ശ്രീ അജിത്ത്.ആർ. -ന്റെ പേര് ഉൾപ്പെട്ടിട്ടുണ്ട്. സ്ഥാനക്കയറ്റത്തിന് ശ്രീ അജിത്ത്.ആർ. അർഹനായിരുന്നുവെങ്കിലും പ്രമോഷൻ ലഭിക്കേണ്ട തസ്തികയിൽ സ്ഥിരമായ ഒഴിവ് ഇല്ലാതിരുന്നതിനാൽ ടിയാന് സ്ഥാനക്കയറ്റം നൽകിയിരുന്നില്ല.

7) ഇതു കൂടാതെ ചീഫ് എൻജിനീയർ തസ്തികയിൽ ശ്രീ അജിത്ത്.ആർ.-ന്റെ മുൻഗാമിയായിരുന്ന ശ്രീ കെ.ഐ.ഏലിയാസ് 29.11.2007 മുതൽ 115 ദിവസത്തേയ്ക്കും 02.04.2008 മുതൽ 90 ദിവസത്തേയ്ക്കും അവധിയിൽ പ്രവേശിച്ചപ്പോൾ ശ്രീ അജിത്ത്. ആർ. ആയിരുന്നു ചീഫ് എൻജിനീയറുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്നത്. അതിനുശേഷം 29.10.2008 മുതൽ 27.03.2011 വരെ തുടർച്ചയായി ശ്രീ കെ.ഐ.ഏലിയാസ് ശൂന്യവേതനാവധിയിൽ തുടരുകയും ചീഫ് എൻജിനീയറുടെ

പൂർണ്ണ അധിക ചുമതല ശ്രീ അജിത്ത് ആർ വഹിക്കുകയുമാണ് ചെയ്തത്. ശ്രീ കെ.ഐ.ഏലിയാസ് 31.03.2011-ന് വിരമിച്ചശേഷം 01.04.2011 മുതൽ 20.08.2011-ന് ചീഫ് എൻജിനീയറായി സ്ഥാനക്കയറ്റം ലഭിക്കുന്നതുവരെ ശ്രീ അജിത്ത്.ആർ ചീഫ് എൻജിനീയർ തസ്തികയുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്നു. അതായത് ബഹു. കേരള ഹൈക്കോടതി സ്ഥാനക്കയറ്റം നൽകാൻ ഉത്തരവിട്ടിട്ടുള്ള 01.04.2011 മുതൽ ശ്രീ അജിത്ത്.ആർ. തന്നെയായിരുന്നു ടി തസ്തിക പ്രകാരമുള്ള സേവനം അനുഷ്ഠിച്ചിരുന്നത്. ഈ സാഹചര്യത്തിൽ 01.04.2011 മുതൽ ചീഫ് എഞ്ചിനീയർ തസ്തികയിലെ എല്ലാ സേവന-വേതന ആനുകൂല്യങ്ങൾക്കും ടിയാൻ അർഹനാണ് എന്ന് വിലയിരുത്തുന്നു.

8) മേൽ വിവരിച്ച വസ്തുതകളുടെയും ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിലെ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ, ശ്രീ. ആർ. അജിത്തിന് 01.04.2011 മുതൽ മുൻകാല പ്രാബല്യത്തോടെ ട്രിഡയിലെ (TRIDA) ചീഫ് എഞ്ചിനീയർ തസ്തികയിൽ നിയമനം ലഭിച്ചതായി കണക്കാക്കി ഉത്തരവാകുന്നു. ആയതുപ്രകാരം, പ്രസ്തുത തീയതി മുതൽ ചീഫ് എഞ്ചിനീയർ പദവിയിൽ ശ്രീ അജിത്ത്.ആർ.-ന് സ്ഥാനക്കയറ്റം ലഭിച്ചതായി കണക്കാക്കി ടിയാന് ലഭിക്കേണ്ടിയിരുന്ന എല്ലാ വേതന-പെൻഷൻ ആനുകൂല്യങ്ങളും അർഹമായ കുടിശ്ശികകളും (Arrears) ട്രിഡയുടെ തനത് ഫണ്ടിൽ നിന്നും അനുവദിച്ചു നൽകുന്നതിന് ട്രിഡയ്ക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു. അപ്രകാരം കുടിശ്ശിക നൽകുന്ന അവസരത്തിൽ 01.04.2011 മുതൽ 20.08.2011-ന് ചീഫ് എൻജിനീയറായി സ്ഥാനക്കയറ്റം ലഭിക്കുന്നതുവരെയുള്ള കാലയളവിൽ ചീഫ് എൻജിനീയറുടെ അധിക ചുമതല വഹിച്ച ഇനത്തിൽ ശ്രീ അജിത്ത്.ആർ.-ന് ചാർജ്ജ് അലവൻസ് നൽകിയിരുന്നുവെങ്കിൽ ആയത് തട്ടിക്കിഴിക്കേണ്ടതാണ്.

9) ഇപ്രകാരം ബഹു. കേരള ഹൈക്കോടതി WA 1400/2019-ൽമേൽ പുറപ്പെടുവിച്ച 18/12/2025 ലെ ഉത്തരവ്, CoC 886/2026 യിന്മേൽ പുറപ്പെടുവിച്ച 24.07.2026 ലെ ഉത്തരവ് എന്നിവ പാലിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ശ്രീ. അജിത് ആർ. ( സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി മുഖേന )
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി,തിരുവനന്തപുരം വികസന അതോറിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ)
കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ (WCD) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഐ. & പി. ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA4/8/2026-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Digitally signed by
Pradeep Kumar. C. O
Date: 29-07-2026
16:43:38

സെക്ഷൻ ഓഫീസർ